
# കൊയ്നോനിയ

ചെറുവെട്ടുകാട് ഇടവക വാർത്ത ബുള്ളറ്റിൻ

മാർച്ച്
ഏപ്രിൽ
2018

Private circulation only I Book No.8


## ഹോം മിഷൻ നമ്മുടെ ഇടവകയിൽ



മാർച്ച് ഇരുപത്തിയൊന്ന് മുതൽ ഇരുപത്തിനാലു വരെ അതിരൂപതയിലെ സമർപ്പിതരായ സിസ്റ്റേഴ്സ് ഇടവകയിലെ എല്ലാ ഭവനങ്ങളിലും സന്ദർശനം നടത്തി. ഇരുപത്തിയൊന്നിന് അതിരൂപത ബി സി സി ഡയറക്ടർ മൈക്കിൾ തോമസ് അച്ചന്റെയും ഇടവക വികാരി ജോസ് ദിലീപ് അച്ചന്റെയും സാനിധ്യത്തിൽ അതിരൂപത വിദ്യാഭ്യാസ ഡയറക്ടർ ശാന്തപ്പൻ അച്ചൻ ദിവ്യബലി അർപ്പിക്കുകയും കത്തിച്ച മെുകുതിരികൾ സിസ്റ്റേഴ്സിനു നൽകികൊണ്ട് ഹോം മിഷന് തുടക്കം കുറിച്ചു. തുടർന്ന് രണ്ടു ദിവസം ഭവന സന്ദർശനം നടത്തുകയും നാലാം ദിവസം അതിരൂപത മെത്രാപോലിത്ത അഭിവന്ദ്യ സൂസപാക്യംപിതാവിന്റെ കാർമികത്വത്തിൽ നടന്ന ഹോം മിഷൻ സമാപന ദിവ്യബലിയിൽ ഇടവകയിലെ പൂർണ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് മൈക്കിൾ തോമസ് അച്ചൻ പിതാവിന് സമർപ്പിക്കുകയും ചെയ്തു. ഇടവകയിലെ തിരഞ്ഞെടുത്ത ഭവനങ്ങളിൽ താമസിച്ചാണ് സിസ്റ്റേഴ്സ് ഭവന സന്ദർശനം നടത്തിയത്

## വിശുദ്ധ അന്തോനീസിന്റെ തിരുനാൾ ആഘോഷിച്ചു



2018 ലെ വിശുദ്ധ അന്തോനീസിന്റെ തിരുന്നാൾ ആഘോഷങ്ങൾക്ക് ഏപ്രിൽ 20 നു കൊടിയേറി 29 നു സമാപിച്ചു. 29 നു വൈകുന്നേരം തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ പൊന്തിഫിക്കൽ ദിവ്യബലിയോടെ തിരുന്നാൾ ആഘോഷങ്ങൾക്ക് സമാപനം കുറിച്ചു. 22 നു വൈകുന്നേരം വലിയതുറ ഫെറോന ബി സി സി സമിതി ദിവ്യബലിക്ക് നേതൃത്വം നൽകി. 22 നു രാവിലെ ഹിന്ദി ഭാഷയിലും 24 നു വൈകുന്നേരം തമിഴ് ഭാഷയിലും ദിവ്യബലി അർപ്പിച്ചു. 28 നു സന്ധ്യാവന്ദന പ്രാർത്ഥനയും തുടർന്ന് തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണവും, 29 നു രാവിലെ ദിവ്യബലിക്ക് ശേഷം അന്തോണിസിന്റെ അപ്പം എന്ന പേരിൽ സ്നേഹവിരുന്നും ഉണ്ടായിരുന്നു. സന്ധ്യാവന്ദന പ്രാർത്ഥനയും പൊന്തിഫിക്കൽ ദിവ്യബലിയും നടത്താൻ മൈതാനത്തു ഒരുക്കിയ പന്തലും സ്റ്റേജും വിശ്വാസികൾക്ക് വളരെയധികം സൗകര്യപ്രദമായിരുന്നു.



# ഇടവക കുരിശിന്റെ വഴി

മാർച്ച് പതിനെട്ടു ഞായർ ഇടവകജനങ്ങൾ ഒന്നുചേർന്ന് പരിഹാര കുരിശിന്റെ വഴി നടത്തി. ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നേതൃത്വം നൽകിയ കുരിശിന്റെ വഴിയിൽ കുരിശുകളേന്തി ഇടവക ജനങ്ങളോടൊപ്പം അയൽ ഇടവക കളിലെ വിശ്വാസികളും പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

# വിശുദ്ധ അന്തോനീസിന്റെ തിരുനാൾ ആഘോഷം 2018





# പ്രത്യേകം ഒരുക്കിയ പന്തലിൽ വിളക്ക് നേർച്ച

ദുഃഖവെള്ളി കുരിശാരാധനയ്ക്കും കുരിശു ചുംബനത്തിനു ശേഷം മൈതാനത്തു കുരിശിന്റെ വഴി നടത്തുകയും തുടർന്ന് പീഡാസഹന തിരുസ്വരൂപ പ്രദിക്ഷിണവും അതിനുശേഷം മേടയുടെ മുൻപിലായി പ്രേത്യേകം ഒരുക്കിയ പന്തലിൽ വച്ച് വിളക്ക് നേർച്ചയും തിരുസ്വരൂപ ചുംബനവും നടത്തുകയുണ്ടായി . ആയിരകണക്കിന് വിശ്വാസികൾ പങ്കെടുത്ത തിരുകർമ്മങ്ങൾക്ക് ഇടവക വികാരി ജോസ് ദിലീപ് അച്ഛനോടൊപ്പം ഫ്രഡി കപ്പൂച്ചിൻ അച്ചനും നേതൃത്വം നൽകി .



# പ്രേഷിത കുരിശു നമ്മുടെ ഇടവകയിൽ

രണ്ടായിരത്തി പതിനേഴിൽ വല്ലാർപ്പാടത്തു വച്ച് നടന്ന മിഷൻ കോൺഗ്രസിലും ബി സി സി കൺവെൻഷനിലും വച്ച് അതിരൂപത ഏറ്റുവാങ്ങിയ പ്രേഷിത കുരിശു രൂപതയിൽ മുഴുവനും നടത്തിയ പ്രയാണത്തിന്റെ ഭാഗമായി വെട്ടുകാട് ഇടവക വികാരിയിൽ നിന്ന് ഇടവക വികാരി ജോസ് ദിലീപ് അച്ചൻ നമ്മുടെ ഇടവകയിലേയ്ക്കു ഏപ്രിൽ ആറിന് ഏറ്റുവാങ്ങി. തുടർന്ന് പ്രേത്യേക കുരിശാരാധ നയും ദിവ്യബലിയും നടത്തുകയും ഏഴാം തിയതി ബി സി സി ഭാരവാഹികൾക്കായി പാന ക്ലാസും തുടർന്ന് വൈകുന്നേരം പ്രേഷിത കുരിശു കണ്ണാന്തുറ ഇടവകയിലേയ്ക്കു നൽകുകയും ചെയ്തു .



# നാൽപതു മണിക്കൂർ ആരാധനയിൽ പങ്കെടുത്തു

വലിയതുറ ഫെറോന ദേവാലയത്തിൽ നടന്ന നാൽപതു മണിക്കൂർ ആരാധനയിൽ മാർച്ച് 17 നു നമ്മുടെ ഇടവകയ്ക്ക് നൽകിയ സമയം ഇടവക വികാരിയും ഇരുപതോളം ഇടവകജനങ്ങളും ഒന്നുചേർന്ന് ഭക്തിപ രൂർവ്വം ആരാധന നടത്തി.

**ഉയർപ്പ് രാത്രി ദിവ്യബലിക്ക് ശേഷം നടന്ന ഉയർപ്പ് സ്വരൂപ പ്രദക്ഷിണവും തുടർന്ന് നടന്ന ഈസ്റ്റർ എഗ്ഗ് വിതരണവും**





# നോമ്പുകാല ദാനധർമ്മം

ഇടവകയിലെ എല്ലാ ഭവനങ്ങളിലും നോമ്പുകാല ദാനധർമ്മത്തിനായി നൽകിയ കുടുക്കകൾ ഈസ്റ്റർ രാത്രിയുള്ള ദിവ്യബലിക്ക് ഇടവകാംഗങ്ങൾ കാഴ്ച്ചയായി സമർപ്പിച്ചു. ഈ തുക ചാരിറ്റി പ്ര വർത്തനങ്ങൾക്കായി ഉപയോഗിക്കും



# ഔസേപ് പിതാവിന്റെ തിരുന്നാൾ

മാർച്ച് 19 തിങ്കൾ വിശുദ്ധ ഔസേപ്പ് പ ിതാവിന്റെ തിരുനാളിന്റെ ഭാഗമായി വൈകുന്നേരം ആറിന് ദിവ്യബലി അർപ്പിച്ചു . ദിവ്യബലിക്ക് ശേഷം പായസ വിതരണവും ഉണ്ടായിരുന്നു.

# മരണമടഞ്ഞ പൂർവികർക്കു വേണ്ടിയുള്ള ദിവ്യബലി



ഇടവകയിൽ നിന്ന് മരണമടഞ്ഞവർക്കു വേണ്ടി പ്രാർഥിക്കുവാനായി എല്ലാ മാസത്തേയും അവസാനത്തെ ശനി രാവിലെ ദിവ്യബലിയും തുടർന്ന് കുഴിമാടങ്ങൾ വെഞ്ചരിക്കുകയും ചെയ്തു വരുന്നു .

Printed by: Parish Priest, St. Sebastian's Church, Cheruvettukad, Trivandrum-7 , Latin Archdiocese Of Trivandrum